**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **04.05.2017 - ൽ മറുപടിക്ക്.**
**ചോദ്യം നമ്പർ : 1871**

**വ്യവസായ വികസനം വേഗത്തിലാക്കാനുള്ള നടപടികൾ**

ചോദ്യം

സർവ്വശ്രീ. കെ. കൃഷ്ണൻകുട്ടി,
സി.കെ. നാണു,
കെ. ബി. ഗണേഷ് കുമാർ.

**മറുപടി**

**ശ്രീ. എ. സി. മൊയ്തീൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).**

| ചോദ്യം | മറുപടി |
|---|---|
| (എ) വ്യവസായ വികസനം വേഗത്തിലാക്കാനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) : വ്യവസായ വികസനം വേഗത്തിലാക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു : സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് മെച്ചപ്പെട്ട ആനുകൂല്യവുമായി സംരംഭകത്വ സഹായ പദ്ധതി നടപ്പിലാക്കി വരുന്നു. ചില വ്യവസായങ്ങളെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തി സംരംഭകത്വ സഹായ പദ്ധതി വഴി അവയ്ക്ക് അധിക സാമ്പത്തിക സഹായം നൽകി വരുന്നു. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനായി എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പരിപാടി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡവലപ്പ്മെന്റ് പ്രോഗ്രാം, സൂക്ഷ്മ -ചെറുകിട-ഇടത്തരം സംരംഭകരുടെ ഉത്പന്ന വിപണന മേളകൾ തുടങ്ങിയ പരിപാടികൾ നടത്തുന്നുണ്ട്. സ്കൂൾ, കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ വഴി ധനസഹായവും നൽകി വരുന്നു. |

(ബി) വ്യവസായങ്ങൾ തുടങ്ങാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിരുന്ന ലൈസൻസിങ് അധികാരം എടുത്തുകളഞ്ഞത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാന നഷ്ടത്തിന് കാരണമാകുമെന്ന് കരുതുന്നുണ്ടോ ; ഈ വിധത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സംഭവിക്കുന്ന നഷ്ടം പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ജനങ്ങളുടെ സ്വത്തിനും ജീവനും ഭീഷണിയാകുന്ന വ്യവസായങ്ങൾ തുടങ്ങാൻ ഇതു കാരണമാകും എന്ന് കരുതുന്നുണ്ടോ ;

(ബി) യും (സി) യും : വ്യവസായങ്ങൾ തുടങ്ങാൻ ലൈസൻസ് നൽകുന്നതിനുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരം എടുത്തുകളഞ്ഞിട്ടില്ല.

(ഡി) ഒരു പ്രദേശത്തെ പ്രകൃതിവിഭവങ്ങളുടെ ചൂഷണത്തിനിടയാക്കുന്ന വ്യവസായങ്ങൾ നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

(ഡി) : പ്രകൃതി വിഭവങ്ങളെ ചൂഷണം ചെയ്യാതെ നിയന്ത്രിതമായ തോതിൽ യുക്തിസഹമായാണ് ഉപയോഗിക്കുന്നത് എന്ന് ഉറപ്പ് വരുത്തുന്നതിന് വിവിധ വകുപ്പുകൾ പരിശോധന നടത്തി തീരുമാനമെടുക്കുവാനുള്ള സംവിധാനം നിലവിലുണ്ട്.

സെക്ഷൻ ഓഫീസർ.